**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1619** **11-10-2024 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരഗ്രാമം പദ്ധതിയിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) | സമഗ്ര തെങ്ങുകൃഷി പരിപാലനത്തിനാണ് കേരഗ്രാമം പദ്ധതിയിൽ ഊന്നൽ നൽകുന്നത് . 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു.<br><br><u>കേരഗ്രാമം ഒന്നാം വർഷം -</u> 100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമത്തിന് താഴെ പറയും പ്രകാരം 25.67 ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാക്കുന്നു.<br><br>**1.** സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs.19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന പ്രകാരം പ്രാദേശിക ആവശ്യാനുസരണം സംയോജിത പരിചരണ മുറകൾ/ പ്രവർത്തനങ്ങൾ |

തെരെഞ്ഞെടുക്കാവുന്നതാണ് .ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്
(b) തൊണ്ട് അടുക്കൽ - 50 രൂപ/തെങ്ങ്
(c) ഇടവിള കൃഷി - 6000രൂപ/ ഹെക്ടറിന്
(d)സംയോജിതവളപ്രയോഗം
.......i)കുമ്മായം - 9രൂപ/തെങ്ങ്
ii)രാസവളം/ജീവാണുവളങ്ങൾ - 20രൂപ/തെങ്ങ്

iii)മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ്
.....1v)ജൈവവളം - 25രൂപ/തെങ്ങ്
(e)സംയോജിതസസ്യസംരക്ഷണം
i)സസ്യസംരക്ഷണം - 10രൂപ/തെങ്ങ്
ii)കീടനാശിനി പ്രയോഗം (ആവശ്യാനുസരണം)

............ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന്-75രൂപ/തെങ്ങ്
f)രോഗംബാധിച്ചതും ഉൽപ്പാദനശേഷിനശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന്-1000രൂപ/തെങ്ങ്
g)ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

**2.** സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം.രൂപ.
**3.**.25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.
**4.**.ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.
**5.**.പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.
**6.**.മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.
**7.**.കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.
**8.** താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

പരിചരണമുറകൾക്കായി 19.2ലക്ഷം രൂപയും 2 മുതൽ 7 വരെ ഉള്ള ഘടകങ്ങൾക്കു 6.47-ലക്ഷം രൂപയും നൽകുന്നു. ആകെ 25.67 ലക്ഷം രൂപ ഒന്നാംവർഷം ഒരുകേരഗ്രാമത്തിനു നൽകുന്നു.

| | | | |
|---|---|---|---|
| | | | <u>കേരഗ്രാമം രണ്ടാം വർഷം:</u><br>രണ്ടാം വർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമത്തിന് മേൽപ്പറഞ്ഞ സംയോജിത വള പ്രയോഗം, സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8.00 ലക്ഷം രൂപ സഹായം നൽകുന്നു.<br><br><u>കേരഗ്രാമം മൂന്നാം വർഷം:</u><br>മൂന്നാം വർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമത്തിന് സംയോജിത വള പ്രയോഗംത്തിനായി 4 .00 ലക്ഷം രൂപ സഹായം നൽകുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഈ വർഷം ഏതൊക്കെ ഗ്രാമപഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ താഴെ പറയുന്ന പഞ്ചായത്തുകളെ ഈ വർഷത്തെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്<br><br>1. മുക്കം മുനിസിപ്പാലിറ്റി<br><br>2. പേരാമ്പ്ര<br><br>3. വടകര<br><br>4. ഏലത്തൂർ<br><br>5. താമരശ്ശേരി<br><br>6. കോട്ടൂർ<br><br>7. മാവൂർ<br><br>8. ചേമഞ്ചേരി |

സെക്ഷൻ ഓഫീസർ